## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3335 — 23.06.2014-ൽ മറുപടിയ്ക്ക്

## നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് നിബന്ധനകൾ

| | ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഫെയ്സ് ബുക്കിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയോ, മറ്റുള്ളവരുടെ അഭിപ്രായത്തോട് ലൈക്ക് ചെയ്ത തിന്റെയോ പേരിൽ പോലീസുകാർ ഉൾപ്പെടെ എത്ര സർക്കാർ ജീവനക്കാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട് ; | | (എ) യും (ബി) യും<br>പൊതുഭരണ സെക്രട്ടേറിയറ്റിലേയും നിയമവകുപ്പിലേയും ഓരോ ഉദ്യോഗസ്ഥനെ വീതം ഇതുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയും, അതിൻ പ്രകാരം ഈ ഉദ്യോഗസ്ഥരെ മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് താക്കീത് നൽകിക്കൊണ്ട് അച്ചടക്ക നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. മറ്റു വകുപ്പുകളിലെ ഇതു സംബന്ധിച്ച വിശദാംശം ശേഖരിച്ചു വരുന്നു. |
| (ബി) | ജീവനക്കാരുടെ വകുപ്പു തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എന്തെല്ലാം നടപടികളാണ് ഓരോരുത്തരുടെയും പേരിൽ സ്വീകരിച്ചത് ; | | |
| (സി) | സർവ്വീസ് ചട്ടങ്ങളിലെ ഏതെല്ലാം ചട്ടങ്ങൾ അനുസരിച്ചാണ് ഇവർക്കെതിരെ നടപടി സ്വീകരിച്ചത് ; | (സി) | ഇത്തരം കുറ്റത്തിന് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയാത്തതിനാൽ ഈ ഉദ്യോഗസ്ഥർക്കെതിരെ ഇതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | എത്ര പേരുടെ പേരിലുള്ള നടപടി ഇതിനകം പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) | പൊതുഭരണ/നിയമ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികളെല്ലാം പിൻവലിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സർക്കാർ നയം രൂപീകരിക്കുകയോ അത് ഉത്തരവായോ സർക്കുലറായോ പുറപ്പെടുവിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) | നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് സർക്കാർ പ്രത്യേക നയം രൂപീകരിച്ചിട്ടില്ലെങ്കിലും ഓഫീസ് സമയത്ത് ഇത്തരം മാധ്യമങ്ങളുടെ അമിതമായ ഉപയോഗം തടയുന്നതിനായി ഫെയ്സ് ബുക്ക്, ട്വിറ്റർ അടക്കമുള്ള സോഷ്യൽ നെറ്റ്‌വർക്കുകളുൾപ്പെടെയുള്ള ഇന്റർനെറ്റിലെ ചില സൈറ്റുകൾ സെക്രട്ടേറിയറ്റിൽ ബ്ലോക്ക് ചെയ്ത് വിവര സാങ്കേതിക വിദ്യ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Information technology Department – Blocking of websites in Secwan Network – Sanction Accorded- Orders issued.

---

INFORMATION TECHNOLOGY ( IT CELL) DEPARTMENT

G.O.(Rt) No:111/2014/ITD Dated,Thiruvananthapuram, 19/05/2014

---

**Read** : Letter no CSG/NWG/SICS-LTR-011/14 dated 03/05/14 from M/s Keltron, Thiruvanathapuram.

## ORDER

As a part of introdution of digitised file flow system ,Government have decided to setup e-office software for file processing in the scretariat as per Go. (ms)10/2013/ITD dt. 24/8/2013.

Consequently in order to reduce the bandwidth usage of Secwan network , social media like facebook, twitter & malayalam new papers and other social sites which are not very essential for the official work in secretariat had been blocked.

Now as per the letter read above M/s Keltron informed that the usage of bandwidth is still high due to unlimited access of video streaming websites. Hence they have requested to issue orders to block all video streaming websites of all news channels and the following trading websites

moneycontrol.com

moneycontrol.co.in

sharekhan.com

nseindia.com

geojitbnpparibas.com

dailymotion.com

anonymouse.org

turbo.tv

live.chess.com

In the circumstances Government have examined the matter in detail and order that the above websites and all video streaming websites of all news channels shall be blocked forthwith. M/s Keltron shall take necessary arrangements in this regard.

(By Order of the Governor)
K.S.Srinivas
Secretary to Government

To,